2024
JULY
22
MONDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## ഇന്ത്യൻ അതിർത്തിയിലേക്ക് ഭീകരരെ നയിച്ച് പാക് സൈന്യം

**ന്യൂഡൽഹി:** പഠാണികളുടെ വേഷം ധരിച്ച സായുധ ഭീകരരെ ഇന്ത്യയിലേക്കു കടത്തിവിടാൻ അതിർത്തിയിലേക്കു കൊണ്ടുപോകുന്ന പാക്കിസ്ഥാൻ പട്ടാളത്തിൻറെ ചിത്രങ്ങൾ പുറത്ത്. പാക് അധീന കശ്മീരിലെ കോട്‌ലിയിലും സമീപ പ്രദേശങ്ങളിലും നിന്നുള്ള ചിത്രങ്ങൾ ഒരു ദേശീയ ചാനലാണു പുറത്തുവിട്ടത്. ജമ്മുവിൽ 55 ഭീകരർ നുഴഞ്ഞുകയറിയിട്ടുണ്ടെന്ന് സൈനിക വൃത്തങ്ങൾ വെളിപ്പെടുത്തിയിരുന്നു. ഇതിനു പിന്നാലെയാണ് ഭീകരരെ നയിച്ചുകൊണ്ട് പാക് സൈനികർ അതിർത്തിയിലേക്കു നീങ്ങുന്ന ചിത്രങ്ങൾ പുറത്തായത്. നേരത്തേ, ഭീകരർക്ക് പാക് സൈനികർ പരിശീലനം നൽകുന്ന ചിത്രങ്ങളും പുറത്തുവന്നിരുന്നു.

ഇപ്പോഴത്തെ ചിത്രങ്ങളിൽ പാക് സേനയുടെ ഭാഗമായ സ്പെഷ്യൽ സർവീസ് ഗ്രൂപ്പ് കമാൻഡോകളെയും കാണാം. അന്താരാഷ്ട്ര അതിർത്തിയിലൂടെയുള്ള നുഴഞ്ഞുകയറ്റത്തിനാണു പാക്കിസ്ഥാൻറെ ശ്രമമെന്നു സേനാവൃത്തങ്ങൾ. അതിർത്തിയിൽ കാവൽ നിൽക്കുന്ന പാക് സേനാ വിഭാഗമായ പാക്കിസ്ഥാനി റേഞ്ചേഴ്സിൻറെ സഹായത്തോടെയാണ് സിയാൽക്കോട്ടിലൂടെ ഭീകരരെ ഇന്ത്യയിലേക്ക് എത്തിക്കാനുള്ള നീക്കം. പഞ്ചാബോ ജമ്മുവോ ആണ് ഇവരുടെ ലക്ഷ്യമെന്നും സൈന്യം.

സാംബയിൽ നിന്നു ഹിരാനഗർ വഴി കഠുവയിലേക്കാണ് ഇവരെത്തുന്നത്. തുടർന്ന് മച്ചേഡി, ബനി വഴി കശ്മീരിലെ ബസന്ത്ഗഡിലും തത്രിയിലുമെത്തും. ഇവരുടെ യാത്രാവഴികൾ സംബന്ധിച്ച് കൃത്യമായ വിവരം സൈന്യത്തിനു ലഭിച്ചെന്നാണു സൂചന. ഈ റൂട്ടിൽ ഭീകരരെ പ്രതിരോധിക്കാൻ 'ഓപ്പറേഷൻ സർപ്പ് വിനാശ്' എന്ന പേരിൽ സൈന്യം പ്രത്യേക നടപടി തുടങ്ങി.


ഒന്നര മാസത്തിനിടെ ജമ്മുവിൽ നിരവധി ജവാന്മാർക്ക് ഭീകരാക്രമണങ്ങളിൽ ജീവൻ നഷ്ടമായിരുന്നു. ഇന്ത്യയിൽ നിന്നു പാക്കിസ്ഥാനിലേക്കും തിരിച്ചും ഒഴുകുന്ന നിരവധി നദികളും തോടുകളുമുണ്ട് ജമ്മുവിൽ. വർഷകാലത്ത് നിറഞ്ഞൊഴുകുന്ന ഈ അരുവികളും ദുഷ്കരമായ മലകളുമൊക്കെയാണ് ഭീകരർക്ക് അവസരമൊരുക്കുന്നത്.

## യുഎസ് പ്രസിഡൻ്റ് തിരഞ്ഞെടുപ്പ്: ജോ ബൈഡൻ പിൻമാറി

**വാഷിങ്ടൺ:** യുഎസ് പ്രസിഡൻ്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് പ്രസിഡന്റും ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർഥിയുമായ ജോ ബൈഡൻ പിന്മാറി. രാജ്യത്തിന്റെയും പാർട്ടിയുടെയും നല്ലതിനായി മത്സരത്തിൽനിന്ന് പിന്മാറുന്നുവെന്ന് എക്സിൽ പങ്കുവച്ച കുറിപ്പിൽ ജോ ബൈഡൻ വ്യക്തമാക്കി. യുഎസ് തിരഞ്ഞെടുപ്പിന് 4 മാസം മാത്രം ബാക്കിനിൽക്കേയാണ് ബൈഡന്റെ പിന്മാറ്റം.

തനിക്കു പകരം കമല ഹാരിസിന്റെ പേരു നിർദ്ദേശിച്ചാണ് ബൈഡൻ പിൻമാറുന്നത്. പ്രസിഡന്റ് സ്ഥാനത്തേക്കുള്ള മത്സരത്തിൽ കമലയെ പിന്തുണയ്ക്കണമെന്ന് ബൈഡൻ ഡെമോക്രാറ്റുകളോട് ആവശ്യപ്പെട്ടു.

റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർഥിയും മുൻ പ്രസിഡന്റുമായ ഡോണൾഡ് ട്രംപിനോട് ആദ്യ പ്രസിഡൻഷ്യൽ സംവാദത്തിൽ പതറിയതോടെ ബൈഡൻ പിന്മാറണമെന്ന ആവശ്യം ശക്തമായിരുന്നു. രാജ്യത്തിന്റെ പ്രസിഡന്റെന്ന നിലയിലുള്ള ചുമതലകളിൽ ബാക്കിയുള്ള സമയം ശ്രദ്ധിക്കാനാണ് പദ്ധതിയെന്നും ബൈഡൻ കുറിപ്പിൽ പറയുന്നു.



ബൈഡന്റെ പിന്മാറ്റത്തോടെ ഷിക്കാഗോയിൽ അടുത്ത മാസം 19ന് ആരംഭിക്കുന്ന ഡെമോക്രാറ്റ് നാഷനൽ കൺവൻഷനിൽ പുതിയ സ്ഥാനാർഥിയെ തിരഞ്ഞെടുക്കും. ബൈഡൻ നിർദ്ദേശിച്ച കമല ഹാരിസ് തന്നെ ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർഥിയാകുമെന്നാണ് കരുതുന്നത്.

ഇതോടെ, യുഎസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ആദ്യമായി ഒരു ഇന്ത്യൻ വംശജ മത്സരിക്കുന്നതിനും കളമൊരുങ്ങി. കമല ഹാരിസിനെ വൈസ് പ്രസിഡന്റാക്കിയതാണ് തന്റെ ഏറ്റവും മികച്ച തീരുമാനമെന്ന് അവർക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ബൈഡൻ വ്യക്തമാക്കി.

## മ്യൂച്ചൽ ഫണ്ട് നിക്ഷേപങ്ങൾ വർധിക്കുന്നതിൽ റിസർവ് ബാങ്കിന് ആശങ്ക

**ന്യൂഡൽഹി:** ജനങ്ങൾ ബാങ്ക് നിക്ഷേപങ്ങളിൽ നിന്ന് അകലുന്നതിൽ ആശങ്ക പ്രകടിപ്പിച്ച് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ്. ബാങ്കുകളിലെ സേവിങ് നിക്ഷേപങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത മാർഗങ്ങളിൽ നിന്ന് നിക്ഷേപകർ അകലുന്നത് രാജ്യത്ത് ലിക്വിഡിറ്റി പ്രശ്നങ്ങളുണ്ടാക്കുമെന്നതാണ് പ്രധാന ആശങ്ക.അടുത്തകാലത്തായി മ്യൂചൽ ഫണ്ടുകളിലേക്കും മറ്റ് സാമ്പത്തിക ഉത്പന്നങ്ങളിലേക്കുമാണ് നിക്ഷേപങ്ങൾ പോകുന്നത്. മുൻ കാലങ്ങളിൽ കുടുംബങ്ങളും വ്യക്തികളും അവരുടെ നിക്ഷേപങ്ങൾ ബാങ്കുകളിലാണ് സൂക്ഷിച്ചിരുന്നത്. എന്നാൽ ഓഹരി വിപണിയുടെ വളർച്ചയും നിക്ഷേപിക്കാനുള്ള എളുപ്പവും ധാരാളം ആളുകളെ സ്റ്റോക്ക് മാർക്കറ്റിലേക്കും മ്യൂചൽ ഫണ്ടുകളിലേക്കും ആകർഷിക്കുന്നുണ്ട്. ബാങ്കുകൾ നിക്ഷേപം ആകർഷിക്കുന്നതിനേക്കാൾ വായ്പാതോത് ഉയർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും പ്രതിസന്ധിക്ക് ഇടയാക്കും.




ഇത് പലിശ നിരക്കിലെ ചലനങ്ങൾക്കനുസരിച്ച് മാറുകയും ലിക്വിഡിറ്റി വെല്ലുവിളി സൃഷ്ടിക്കുകയും ചെയ്യും. കൂടാതെ കറൻറ് സേവിങ് അക്കൗണ്ട് നിക്ഷേപങ്ങളിൽ നിന്നുള്ള മാറ്റത്തെക്കുറിച്ചും ബാങ്കുകൾ ജാഗ്രത പാലിക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## പാഠപുസ്തകത്തിൽ ഇനി ഹാരപ്പ ഇല്ല, പകരം സിന്ധു സരസ്വതി സംസ്കാരം

**ന്യൂഡൽഹി:** പാശ്ചാത്യരുടെ ഗ്രീനിച്ച് രേഖയ്ക്കു മുൻപേ സമയം കണക്കാക്കാൻ ഇന്ത്യയ്ക്ക് സ്വന്തം ധ്രുവരേഖയുണ്ടായിരുന്നു എന്നതുൾപ്പെടെ തിരുത്തുകളുമായി എൻസിഇആർടിയുടെ പുതിയ പാഠപുസ്തകം. മധ്യപ്രദേശിലെ ഉജ്ജയിൻ നഗരത്തിലൂടെയാണ് ഇതു കടന്നുപോയിരുന്നത്. മധ്യരേഖ എന്നാണ് ഈ രേഖ അറിയപ്പെട്ടിരുന്നതെന്നും ആറാം ക്ലാസിലെ സാമൂഹിക ശാസ്ത്രം പുസ്തകത്തിൽ പറയുന്നു.

ജാതി വിവേചനത്തെക്കുറിച്ചു പരാമർശമില്ലാത്ത പുസ്തകത്തിൽ ബി.ആർ. അംബേദ്കർ നേരിട്ട വിവേചനത്തെക്കുറിച്ചും പറയുന്നില്ല. ഹാരപ്പൻ സംസ്കാരത്തെ സിന്ധു സരസ്വതി സംസ്കാരമെന്നാണു പുസ്തകത്തിൽ വിശേഷിപ്പിക്കുന്നത്.

നൂറ്റാണ്ടുകളോളം ജ്യോതിശാസ്ത്രത്തിൻറെ കേന്ദ്രമായിരുന്നു ഉജ്ജയിൻ. പ്രശസ്ത ജ്യോതിശാസ്ത്രജ്ഞനായ വരാഹമിഹിരൻ 1500 വർഷങ്ങൾക്കു മുൻപ് ഇവിടെ ജീവിച്ചിരുന്നു. അക്ഷാംശ, രേഖാംശ സങ്കൽപ്പത്തെക്കുറിച്ച് ഇന്ത്യൻ ജ്യോതിശാസ്ത്രകാരന്മാർക്കു മുൻപു തന്നെ ബോധ്യമുണ്ടായിരുന്നു. ഇന്ത്യയുടെ എല്ലാ ജ്യോതിശാസ്ത്ര പുസ്തകങ്ങളിലും ഉജ്ജയിൻ രേഖയുടെ അടിസ്ഥാനത്തിലാണ് കണക്കുകൂട്ടലുകൾ നടന്നതെന്നും പുസ്തകം പറയുന്നു.

ഇന്ത്യൻ നാഗരികതയുടെ തുടക്കമെന്ന പാഠഭാഗത്താണ് ഹാരപ്പൻ നാഗരികതയെ ഇൻഡസ് സരസ്വതി അഥവാ സിന്ധു സരസ്വതി എന്ന് വിവരിക്കുന്നത്. രാഖിഗഢിയും ഗൺവേരിവാലയുമുൾപ്പെടെ പ്രധാന നഗരങ്ങൾ ഉൾപ്പെടുന്നതായിരുന്നു സരസ്വതീ നദീതടം. ഇന്ത്യയിൽ ഘഗ്ഗർ എന്നും പാക്കിസ്ഥാനിൽ ഹക്ര എന്നും അറിയപ്പെടുന്ന നദിയെ പൊതുവായി ഘഗ്ഗർ ഹക്ര നദി എന്നാണു വിളിക്കുന്നത്. ഇന്ത്യൻ സമൂഹത്തെയും മുൻകാലത്തെയും പരാമർശിക്കുന്ന പാഠഭാഗത്തിൽ വേദങ്ങളെക്കുറിച്ച് വിശദമായി പറയുന്നു. അടിസ്ഥാനത്തിൽ മനുഷ്യരെ നാലു ജാതികളായി തിരിച്ചിരുന്നെന്നും സ്ത്രീകൾക്കും ശൂദ്രന്മാർക്കും വേദം പഠിക്കാൻ അവകാശമുണ്ടായിരുന്നില്ലെന്നുമായിരുന്നു മുൻ പുസ്തകത്തിൽ പറഞ്ഞിരുന്നത്.

പകരം വേദകാലത്തെ ഗ്രന്ഥങ്ങളിൽ, കൃഷി, നെയ്ത്ത്, മൺപാത്ര നിർമാണം, ഗൃഹനിർമാണം, മരപ്പണി, വൈദ്യം, നൃത്തം, ക്ഷൗരം, വൈദികർ തുടങ്ങി വിവിധ മേഖലകളെക്കുറിച്ചു പരാമർശമുണ്ടെന്നു വിശദീകരിക്കുന്നു.




Integrated MBA MCA
(5 years)
Qualification: Plus Two

OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation

KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY

# ലൈഫ് ഇതര ഇൻഷൂറൻസ് പദ്ധതികളുടെ വിതരണം വിപുലമാക്കാൻ ടാറ്റാ എഐജി മഹീന്ദ്ര ഫിനാൻസ് ധാരണ

**കൊച്ചി:** രാജ്യത്തെ മുൻനിര ജനറൽ ഇൻഷൂറൻസ് സേവന ദാതാവായ ടാറ്റാ എഐജി പ്രമുഖ ബാങ്ക് ഇതര ഫിനാൻസ് കമ്പനികളിലൊന്നായ മഹീന്ദ്ര ഫിനാൻസുമായി തന്ത്രപരമായ സഹകരണം ആരംഭിച്ചു. മഹീന്ദ്രയുടെ വിപുലമായ ഉപഭോക്തൃ ശംഖലയിലൂടെ ടാറ്റാ എഐജിയുടെ ലൈഫ് ഇതര ഇൻഷൂറൻസ് പദ്ധതികൾ വിതരണം ചെയ്യാനാണ് ഈ സഹകരണത്തിലൂടെ ഉദ്ദേശിക്കുന്നത്.

പങ്കാളിത്തത്തിൻറെ ഭാഗമായി ടാറ്റാ എഐജി മോട്ടോർ, ഹെൽത്ത്, പേഴ്സണൽ ആക്സിഡൻറ്, മറ്റ് ലൈഫ് ഇതര പദ്ധതികൾ എന്നിവയടക്കമുള്ള വിപുലമായ ജനറൽ ഇൻഷൂറൻസ് പദ്ധതികൾ മഹീന്ദ്ര ഫിനാൻസിൻറെ പത്തു ദശലക്ഷത്തിലേറെ വരുന്ന ഉപഭോക്താക്കൾക്ക് ലഭ്യമാക്കും.

വിവിധ മേഖലകളിലുള്ളവരുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾക്ക് അനുസൃതമായ ഉപഭോക്തൃ കേന്ദ്രീകൃത ഇൻഷൂറൻസ് സേവനങ്ങൾ ലഭ്യമാക്കുന്നതിലാവും ഈ പങ്കാളിത്തം ശ്രദ്ധ കേന്ദ്രീകരിക്കുക. മഹീന്ദ്ര ഫിനാൻസിൻറെ ശക്തമായ വിതരണ ശൃംഖല ടാറ്റാ എഐജിയുടെ ഇൻഷൂറൻസ് പദ്ധതികൾ സുഗമമായി വിതരണം ചെയ്യാനും ഉപഭോക്താക്കൾക്ക് മികച്ച അനുഭവം ലഭ്യമാക്കാനും സഹായകമാകും.

തങ്ങളുടെ ഇൻഷൂറൻസ് പദ്ധതികൾ കൂടുതൽ വിപുലമായി ലഭ്യമാക്കാനുള്ള ഒരു സുപ്രധാന നീക്കമാണ് മഹീന്ദ്ര ഫിനാൻസുമായുള്ള ഈ സഹകരണമെന്ന് ടാറ്റാ എഐജി ജനറൽ ഇൻഷൂറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ നീലേഷ് ഗാർഗ് പറഞ്ഞു. ടാറ്റാ എഐജി അതിൻറെ പങ്കാളികളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾക്ക് അനുസൃതമായ സേവനങ്ങൾ പ്രദാനം ചെയ്യാൻ പ്രതിബദ്ധതയോടെയാണു പ്രവർത്തിക്കുന്നത്. ഇതിലൂടെ സമഗ്രമായ പരിരക്ഷയും സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഉപഭോക്താക്കൾക്ക് ഇൻഷൂറൻസ് സേവനങ്ങൾ ലഭ്യമാക്കാൻ ടാറ്റാ എഐജിയുമായി തന്ത്രപരമായ ധാരണയിലേർപ്പെടുന്നതിൽ തങ്ങൾക്ക് ആഹ്ളാദമുണ്ടെന്ന് മഹീന്ദ്ര ഫിനാൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ റൗൾ റെബെല്ലോ പറഞ്ഞു. വ്യക്തിഗത ഉപഭോക്തൃ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന ഫലപ്രദമായ പദ്ധതികൾ അവതരിപ്പിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധയിലെ നിർണായകമായ ഒരു ചുവടുവെപ്പാണിതെന്നും അദ്ദേഹം പറഞ്ഞു.

# ആസ്റ്റർ ലാബ്സ് കൊച്ചി കളമശ്ശേരിയിൽ 200ാമത്തെ ശാഖ തുറന്നു

**കൊച്ചി:** കേരളത്തിലെ ഏറ്റവും വലിയ ലബോറട്ടറി ശൃംഖലയെന്ന നേട്ടം കൈവരിച്ച് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ അനുബന്ധ സ്ഥാപനമായ ആസ്റ്റർ ലാബ്സ്. വെറും മൂന്നരവർഷത്തിനുള്ളിൽ 200ാമത്തെ ശാഖ കൊച്ചി കളമശേരിയിൽ പ്രവർത്തനം ആരംഭിച്ചതിലൂടെ ആരോഗ്യരംഗത്തെ ശ്രദ്ധേയമായ നേട്ടമാണ് ആസ്റ്റർ ലാബ്സ് സ്വന്തമാക്കിയിരിക്കുന്നത്. കേരളത്തിലുടനീളം ഉന്നത നിലവാരമുള്ള ഡയഗ്നോസ്റ്റിക് സേവനങ്ങൾ ലഭ്യമാക്കുകയെന്ന പ്രതിബദ്ധത ഊട്ടിയുറപ്പിക്കുകയാണ് ഇതിലൂടെ ആസ്റ്റർ ലാബ്സ്.

കേരളത്തിൽ 12 ജില്ലകളിലും സാന്നിദ്ധ്യമുള്ള ആസ്റ്റർലാബ്സ് ഓരോ മാസവും ശരാശരി 108000 ഉപഭോക്താക്കൾക്കാണ് സേവനങ്ങൾ നൽകുന്നത്. 200 ആസ്റ്റർ ലാബ്സ് എന്ന മഹനീയ നേട്ടം കൈവരിച്ചതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് രോഗനിർണയ പാക്കേജുകളിൽ പ്രത്യേക ഓഫറുകളും വാഗ്ദാനം ചെയ്യുന്നു. ട്രൂ ടെസ്റ്റ് സ്ക്രീൻ (699രൂപ), ട്രൂ ടെസ്റ്റ് ഷീൽഡ് (999 രൂപ), ട്രൂ ടെസ്റ്റ് സെക്യൂർ (1299രൂപ) തുടങ്ങിയ ഡയഗ്നോസ്റ്റിക് ഹെൽത്ത് പാക്കേജുകളെടുക്കുന്ന ഉപഭോക്താക്കൾക്ക് ഒരു വിറ്റാമിൻ ഡി ടെസ്റ്റ് സൗജന്യമായി ലഭിക്കും.

ആസ്റ്റർ മെഡ്സിറ്റിയിലെ നെഫ്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.വി. നാരായണൻ ഉണ്ണി പുതിയ ലാബിന്റെ ഉദ്ഘാടനം നിർവഹിച്ചു. ആസ്റ്റർ മെഡ്സിറ്റിയിലെ ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി സീനിയർ കൺസൾട്ടന്റ് ഡോ. ഷേർളി മാത്തൻ മുഖ്യാതിഥിയായി.



ആസ്റ്റർ മെഡ്സിറ്റിയിലെ നെഫ്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.വി. നാരായണൻ ഉണ്ണി ആസ്റ്റർ ലാബ്സിന്റെ 200ാമത്തെ ശാഖ കൊച്ചി കളമശേരിയിൽ ഉദ്ഘാടനം ചെയ്തപ്പോൾ.

'ആസ്റ്റർ ലാബ്സിന്റെ 200ാമത് ശാഖ കളമശ്ശേരിയിൽ ആരംഭിച്ചുവെന്നത് അഭിമാനത്തോടെയാണ് അറിയിക്കുന്നത്. ഏറ്റവും വലിയ ലബോറട്ടി ശൃംഖലയിൽ, സമൂഹത്തെ സേവിക്കാനും ആളുകളുടെ ആരോഗ്യത്തിനും ക്ഷേമത്തിനും പിന്തുണയേകാനും എന്നത്തേക്കാളും മികച്ച രീതിലാണ് ലാബ് സജ്ജീകരിച്ചിരിക്കുന്നത്. ' ആസ്റ്റർ ലാബ്സ് കേരള സി.ഇ.ഒ ഡോ. സൂരജ് പറഞ്ഞു.

കളമശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന പുതിയ ലാബ് തിങ്കൾ മുതൽ ശനി വരെ രാവിലെ 6:30 മുതൽ വൈകിട്ട് 6:00 വരെയും ഞായറാഴ്ചകളിൽ രാവിലെ 6:30 മുതൽ 12:00 വരെയുമാണ് പ്രവർത്തിക്കുക.

'ആലപ്പുഴയിലും വയനാട്ടിലും പുതിയ ശാഖകൾ ഞങ്ങൾ ഉടൻ ആരംഭിക്കും. 2025 മാർച്ചിന് മുമ്പ് ആസ്റ്റർ ലാബ്സ് 300 എണ്ണമാക്കി ഉയർത്തുകയാണ് ഞങ്ങളുടെ ലക്ഷ്യം. ' ആസ്റ്റർ ലാബ്സിന്റെ വിപുലീകരണ പദ്ധതികളെക്കുറിച്ച് ആസ്റ്റർ ലാബ്സ് കേരള, തമിഴ്നാട് ക്ലസ്റ്റർ ഹെഡ് എ. നിതിൻ പറഞ്ഞു.

അത്യാധുനിക സൗകര്യങ്ങൾക്കും കൃത്യമായ പരിശോധനാഫലങ്ങൾക്കും പേരുകേട്ടതാണ് ദേശീയതലത്തിൽതന്നെ റഫറൻസ് ലബോറട്ടറി ശൃംഖലയായ ആസ്റ്റർ ലാബ്സ്. അടിയന്തര സേവന ശൃംഖലകളിൽ ലോകത്തിലെ മുൻനിരയിലുള്ള ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ, ആസ്റ്റർ ലാബ്സ് മികച്ച ലബോറട്ടറി സേവനങ്ങൾ നൽകുന്നുവെന്ന് ഉറപ്പ് വരുത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് : 8129416688.

# ഇന്ത്യൻ ഓയിലും മദ്രാസ് മോട്ടോർ സ്പോർട്സ് ക്ലബ്ബും സ്റ്റോം എക്സ് കൈമാറ്റ കരാർ ഒപ്പുവെച്ചു

**കൊച്ചി:** ഇന്ത്യൻ നാഷണൽ കാർ റേസിംഗ് ചാമ്പ്യൻഷിപ്പിനിടെ മദ്രാസ് ഇന്റർനാഷണൽ സർക്യൂട്ടിൽ റേസിംഗ് കാറുകൾക്ക് അനുയോജ്യമായ ഹൈഒക്ടേൻ റേസിംഗ് ഇന്ധനമായ സ്റ്റോം എക്സ് ലോഞ്ച് ചെയ്തതായി രാജ്യത്തെ പ്രമുഖ ഊർജ്ജ കമ്പനിയായ ഇന്ത്യൻ ഓയിൽ അഭിമാനത്തോടെ പ്രഖ്യാപിച്ചു. ഇന്ത്യയിലെ മോട്ടോർ സ്പോർട്സിൽ വിപ്ലവം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഇന്ത്യൻ ഓയിലും മദ്രാസ് മോട്ടോർ സ്പോർട്സ് ക്ലബ്ബും (എംഎംഎസ്സി) ഒപ്പുവെച്ച തന്ത്രപരമായ ഈ പങ്കാളിത്ത കരാർ.

ഇന്ത്യൻ ഓയിൽ ഡയറക്ടർ (മാർക്കറ്റിംഗ്) ശ്രീ വി സതീഷ് കുമാറിന്റെയും ഇന്ത്യൻ ഓയിൽ ഡയറക്ടർ (ആർ ആൻഡ് ഡി) ശ്രീ അലോക് ശർമയുടെയും എംഎംഎസ്സി ഭാരവാഹികളുടെയും സാന്നിധ്യത്തിൽ ബ്രാൻഡ് ലോഗോ അനാച്ഛാദനം ചെയ്തുകൊണ്ടാണ് സ്റ്റോം എക്സ് ഔദ്യോഗികമായി പുറത്തിറക്കിയത്. എംഎംഎസ്സിയിൽ നിന്ന് പ്രസിഡന്റ് അജിത് തോമസ്, സെക്രട്ടറി പ്രഭാ ശങ്കർ, വൈസ് പ്രസിഡന്റ് വിക്കി ചന്ദോക്ക് എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. ഇന്ത്യൻ നാഷണൽ റേസിംഗ് ചാമ്പ്യൻഷിപ്പിൽ (കചഞഇ) വേദിക്കും വാഹനത്തിനും ബ്രാൻഡിംഗ് നൽകുന്നത് കൂടാതെ റേസിനുള്ള ഇന്ധനവും ലൂബ്രിക്കന്റുകളും ഇന്ത്യൻ ഓയിൽ നൽകും.

'ഇന്ത്യൻ ഓയിലിൽ, ഞങ്ങളുടെ ഉപഭോക്താക്കളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഉയർന്ന നിലവാരമുള്ള ഇന്ധനങ്ങളും ലൂബ്രിക്കന്റുകളും നൽകുന്നതിൽ ഞങ്ങൾ എല്ലായ്പ്പോഴും മുൻപന്തിയിലാണ്.' ഇന്ത്യൻ ഓയിൽ ഡയറക്ടർ (മാർക്കറ്റിംഗ്) ശ്രീ വി സതീഷ് കുമാർ തന്റെ പ്രസംഗത്തിൽ പറഞ്ഞു.

മോട്ടോജിപി ഭാരത് 2023 ന്റെ ടൈറ്റിൽ സ്പോൺസർ എന്ന നിലയിലും 2024 മുതൽ 2026 വരെ ഏഷ്യാ റോഡ് റേസിംഗ് ചാമ്പ്യൻഷിപ്പിന് (അഞഞഇ) എഫ്ഐഎമ്മുമായുള്ള പങ്കാളിത്തത്തിലും ഇന്ത്യൻ ഓയിലിന് മോട്ടോർസ്പോർട്സിനെ പിന്തുണയ്ക്കുന്നതിൽ സമ്പന്നമായ ചരിത്രമുണ്ടെന്നും അദ്ദേഹം പരാമർശിച്ചു.

'ഇന്ത്യയിലെ മോട്ടോർസ്പോർട്സിന്റെ ഗുണനിലവാരവും മത്സരക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഊർജ മേഖലയിലെ മുൻനിരയിലുള്ള ഇന്ത്യൻ ഓയിലുമായി സഹകരിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. മോട്ടോർസ്പോർട്ട് സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും സമാനതകളില്ലാത്ത റേസിംഗ് അനുഭവം നൽകുന്നതിനുമുള്ള ഞങ്ങളുടെ പങ്കിട്ട പ്രതിബദ്ധതയുടെ തെളിവാണ് സർക്യൂട്ട്.' എംഎംഎസ്സി പ്രസിഡന്റ് ശ്രീ. അജിത് തോമസ് തന്റെ പ്രസംഗത്തിൽ പറഞ്ഞു.

# നിപ പ്രതിരോധം: സംസ്ഥാനം സജ്ജം: മന്ത്രി വീണാ ജോർജ്

**മലപ്പുറം:** മലപ്പുറത്ത് നിപ വൈറസ് സ്ഥിരീകരിച്ചതിനെ തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. രാവിലെ മുതൽ ഊർജിതമായ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. സംസ്ഥാനം സജ്ജമാണ്. നിപ നിയന്ത്രണത്തിനായി സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച എസ്.ഒ.പി. അനുസരിച്ചുള്ള 25 കമ്മിറ്റികൾ രൂപീകരിച്ചു. കോണ്ടാക്ട് ട്രെയ്സിംഗ് ഇന്ന് രാവിലെ മുതൽ ആരംഭിച്ചു. പ്രാഥമിക സമ്പർക്ക പട്ടികയിൽ 214 പേരാണുള്ളത്. ഇതിൽ അടുത്തിടപഴകിയ 60 പേരാണ് ഹൈറിസ്ക് വിഭാഗത്തിലുള്ളത്. മഞ്ചേരി മെഡിക്കൽ കോളേജിൽ 30 ഐസൊലേഷൻ റൂമുകൾ ക്രമീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിലും ആവശ്യമായ ഐസൊലേഷൻ വാർഡുകൾ ക്രമീകരിച്ചിട്ടുണ്ട്. റൂട്ട് മാപ്പ് പ്രസിദ്ധീകരിക്കും. ആ സ്ഥലങ്ങളിൽ ആ സമയത്ത് ഉണ്ടായിരുന്നവർ കൺട്രോൾ റൂമുമായി ബന്ധപ്പെടണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

ഹൈറിസ്ക് വിഭാഗത്തിലുള്ള എല്ലാവരുടെയും സാമ്പിളുകൾ പരിശോധിക്കും. രോഗിയെ കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് മാറ്റിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന നിപ കൺട്രോൾ റൂം ആരംഭിച്ചു. നിപ രോഗലക്ഷണങ്ങളുള്ളവർ കൺട്രോൾ റൂമിൽ വിളിക്കേണ്ടതാണ്. പനിയോടൊപ്പം തലവേദന, ജെന്നി, പിച്ചും പേയും പറയുക, ചുമ, ശ്വാസതടസം, ശ്വാസംമുട്ടൽ എന്നിവയിൽ ഒന്നോ അതിലധികമോ പ്രത്യക്ഷപ്പെടാം. ഇതിൽ ശ്വാസകോശ സംബന്ധിയായ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ മറ്റുള്ളവർക്ക് പകർന്നുകിട്ടാനുള്ള സാധ്യത കൂടുതലാണ്.

ജില്ലയിൽ പൊതുയിടങ്ങളിൽ ഇറങ്ങുന്നവർ എല്ലാവരും മാസ്ക് ധരിക്കണം. അനാവശ്യമായ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കേണ്ടതാണ്. കോണ്ടാക്ട് ലിസ്റ്റിലുള്ളവർ ഐസൊലേഷനിലായിക്കണം. ഒരു വീട്ടിൽ ഒരാളേ കോണ്ടാക്ട് ലിസ്റ്റിൽ ഉള്ളൂവെങ്കിൽ പോലും മറ്റുള്ളവരുമായി സമ്പർക്കത്തിൽ വരാൻ പാടില്ല. ഒരു തരത്തിലും ഭയപ്പെടേണ്ടതില്ല. ഏതെങ്കിലും തരത്തിൽ ടെൻഷനുള്ളവർ ദയവായി കൺട്രോൾ റൂമുമായി ബന്ധപ്പെടുക. ആവശ്യമായ മാനസിക പിന്തുണ ഉറപ്പാക്കുന്നതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കുട്ടികൾക്ക് സൗജന്യ ഓഫറുകളുമായി ദുബായ് സമ്മർ സർപ്രൈസ്



**കൊച്ചി:** കുട്ടികൾക്ക് സൗജന്യ ഓഫറുകളുമായി വീണ്ടും ദുബായ് സമ്മർ സർപ്രൈസസ്. നഗരത്തിലുടനീളം, ദുബായിലെ ലോകോത്തര റിസോർട്ടുകൾ, ആകർഷണങ്ങൾ, വിനോദ കേന്ദ്രങ്ങൾ എന്നിവയിലുടനീളം കുടുംബങ്ങൾക്ക് ഇപ്പോൾ വാലറ്റ്സൗഹൃദ താമസങ്ങളും ദിവസങ്ങളും ആസ്വദിക്കാം. ഡിഎസ്എസ്ന്റെ ഭാഗമായി ദുബായ് ഫെസ്റ്റിവൽസ് ആൻഡ് റീട്ടെയിൽ എസ്റ്റാബ്ലിഷ്മെന്റ് സംഘടിപ്പിക്കുന്ന കിഡ്സ് ഗോ ഫ്രീ, നഗരത്തിന്റെ ഏറ്റവും മികച്ച അനുഭവങ്ങൾ ആഘോഷിക്കുവാൻ കുടുംബങ്ങളെ സഹായിക്കുന്നു.

വിശാലമായ ബീച്ച് സൈഡ് റിസോർട്ടുകൾ മുതൽ കൂൾ സിറ്റി റിട്രീറ്റുകൾ വരെയുള്ള നഗരത്തിലെ നൂറുകണക്കിന് ഹോട്ടലുകൾ രണ്ട് കുട്ടികളെ വരെ ഒരു മുറിയിൽ അധിക നിരക്കൊന്നും കൂടാതെ താമസിക്കാൻ അനുവദിക്കുന്നു, കൂടാതെ അവരുടെ മാതാപിതാക്കളുടെ അതേ ഭക്ഷണ പദ്ധതികൾ ആസ്വദിക്കുവാൻ അവസരം നൽകുന്നു. കുട്ടികൾക്ക് സൗജന്യമായി താമസിക്കാൻ മാത്രമല്ല, നിരവധി പ്രോപ്പർട്ടികൾ കോംപ്ലിമെന്ററി പ്ലേ സെഷനുകളും രസകരമായ എക്സ്ട്രാകളും ഇവർ വാഗ്ദാനം നൽകുന്നുണ്ട്.

അറ്റ്ലാന്റിസ് ദി പാം, സെന്റ് റെജിസ് ദുബായ്, ദി പാം, ലെ മെറിഡിയൻ ദുബായ്, അഡ്രസ് സ്കൈ വ്യൂ, അഡ്രസ് ഫൗണ്ടൻ വ്യൂ, വിദാ ക്രീക്ക് ഹാർബർ, വിദ എമിറേറ്റ്സ് ഹിൽസ്, പാലസ് ഡൗൺടൗൺ എന്നിവിടങ്ങളിൽ അവിസ്മരണീയമായ സ്റ്റേകേകൾ ഉപയോഗിച്ച് മാതാപിതാക്കൾക്കും കുട്ടികൾക്കും വേനൽക്കാലം പരമാവധി പ്രയോജനപ്പെടുത്താം ഒപ്പം ഗോൾഡൻ സാൻഡ്സ്, ഈ ഡി.എസ്.എസ്., പുള്ള്മാൻ, സ്വിസ്സോട്ടൽ, മെർക്കറെ, മോവൻപിക്ക്, ഐബിസ്, നോവോട്ടേൽ എന്നീ ഹോട്ടലുകളും യുവ അതിഥികളെ സൗജന്യമായി സ്വാഗതം ചെയ്യുന്നു.

താങ്ങാനാവുന്ന വിനോദം ഹോട്ടലുകളിൽ അവസാനിക്കുന്നില്ല. കിഡ്സ് ഗോ ഫ്രീ ഓഫറുകൾ ലെഗോലാൻഡ് ദുബായ്, മാഡം തുസാഡ്സ് തുടങ്ങിയ ആകർഷണങ്ങളിൽ കൂടി ലഭ്യമാണ്. ദി വ്യൂ അറ്റ് ദി പാം, ദുബായ് ക്രോക്കൊഡൈൽ പാർക്, ല പാർലെ ബൈഡ്രാഗൺ, സ്കി ദുബായ്, ആയാ യൂണിവേഴ്സ് എന്നിവിടങ്ങളിൽ കുട്ടികൾക്ക് സൗജന്യ പ്രവേശനവുമായി അവിസ്മരണീയമായ ദിനങ്ങളും കാത്തിരിക്കുന്നു.




**ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടൻറ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ച് സംഘടിപ്പിച്ച ടാക്സേഷൻ സംബന്ധിച്ച ദ്വിദിന ദേശീയ സമ്മേളനം അഡ്വ.ഹാരിസ് ബീരാൻ ഉദ്ഘാടനം ചെയ്യുന്നു. ജി.സുരേഷ്, എ എസ് ആനന്ദ്, എ. സലിം, ബാബു എബ്രഹാം കള്ളിവയലിൽ, പ്രശാന്ത് ശ്രീനിവാസ്, ജോബി ജോർജ് എന്നിവർ സമീപം.**

# ഐസിഎഐ ദ്വിദിന ദേശീയ സമ്മേളനം സംഘടിപ്പിച്ചു

**കൊച്ചി:** ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടൻറ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ച് സംഘടിപ്പിക്കുന്ന ടാക്സേഷൻ സംബന്ധിച്ച ദ്വിദിന ദേശീയ സമ്മേളനം അഡ്വ.ഹാരിസ് ബീരാൻ ഉദ്ഘാടനം ചെയ്തു. വിവിധ സ്റ്റാറ്റ്യൂട്ടുകൾ അടക്കമുള്ള സർക്കാർ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാർ കൂടുതൽ കാര്യക്ഷമമായ പങ്ക് വഹിക്കണമെന്ന് അദ്ദേഹം പറഞ്ഞു. സമൂഹത്തിനാകെ ഗുണം ലഭിക്കുന്ന സാമൂഹ്യ ഇടപെടലുകൾ നടത്തണം. സ്റ്റാറ്റ്യൂട്ടുകൾ വ്യക്തവും കൂടുതൽ വ്യാഖ്യാനങ്ങൾക്ക് അവസരം നൽകാത്തതുമാകണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എറണാകുളം ബ്രാഞ്ച് ചെയർമാൻ എ.സലിം, സെക്രട്ടറി ജോബി ജോർജ് എന്നിവർ പ്രസംഗിച്ചു. ഡോ. ഗിരീഷ് അഹൂജ (ന്യൂഡൽഹി), പി.ജെ ജോണി (എറണാകുളം), രാധേഷ് എൽ ഭട്ട് (എറണാകുളം), പ്രശാന്ത് ശ്രീനിവാസ് (കോട്ടയം), അഡ്വ. കപിൽ ഗോയെൽ (ന്യൂഡൽഹി), ആർ. കൃഷ്ണൻ (ആലപ്പുഴ) എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.

# പ്രിസൺ ടു പ്രൈഡ് എട്ടാം ഘട്ടവും നയി ദിശ സ്മൈൽ ഫോർ ജുവനൈൽ' അഞ്ചാം ഘട്ടവും ആരംഭിച്ചു




**കൊച്ചി:** ജയിൽ തടവുകാരുടെയും ജുവനൈലുകളുടെയും ജീവിതത്തെ ഉന്നമിപ്പിക്കുന്നതിനുള്ള തുടർച്ചയായ ശ്രമത്തിൽ, ഇന്ത്യൻ ഓയിലിന്റെ 'പരിവർത്തൻ പ്രിസൺ ടു പ്രൈഡ്' എട്ടാം ഘട്ടവും 'നയി ദിശ സ്മൈൽ ഫോർ ജുവനൈൽ' എന്നതിന്റെ അഞ്ചാം ഘട്ടവും ഇന്ത്യൻ ഓയിൽ ചെയർമാൻ ശ്രീകാന്ത് മാധവ് വൈദ്യ ഉദ്ഘാടനം ചെയ്തു. ഈ ഘട്ടത്തിൽ ഇന്ത്യൻ ഓയിൽ 22 ജയിലുകളിലും ജുവനൈൽ ഹോമുകളിലുമായി 1000 ലധികം വ്യക്തികളുടെ ജീവിതത്തെ സ്പർശിക്കും. 23 സംസ്ഥാനങ്ങളിലും 6 കേന്ദ്രഭരണ പ്രദേശങ്ങളിലും സ്പോർട്സ് കോച്ചിംഗും ഉപകരണങ്ങളും വാഗ്ദാനം ചെയ്യുന്ന 15 വനിതാ ജുവനൈൽ സെന്ററുകൾ ഉൾപ്പെടെ 150 സ്ഥാപനങ്ങളിലെ 7300ലധികം തടവുകാരുടെയും പ്രായപൂർത്തിയാകാത്തവരുടെയും ജീവിതത്തെ ഈ റോൾ ഔട്ട് വഴി മാറ്റാൻ ഇന്ത്യൻ ഓയിൽ ഒരുങ്ങുന്നു.

ഇന്ത്യൻ ഓയിൽ കോർപ്പറേറ്റുകൾക്കിടയിൽ മുൻനിരയിലുള്ള ശബ്ദമാണെന്നും തടവിലാക്കപ്പെട്ടവർക്ക് പ്രതീക്ഷയുടെ വെളിച്ചമായി നിലകൊള്ളുന്നുവെന്നതിൽ താൻ അഭിമാനിക്കുന്നു എന്ന് ചടങ്ങിൽ ചെയർമാൻ ഇന്ത്യൻ ഓയിൽ പറഞ്ഞു. 'പരിവർത്തൻ', 'നയി ദിശ' എന്നിവയിലൂടെ ജീവിതത്തിൽ ഒരു പുതിയ പാതയിലൂടെ സഞ്ചരിക്കാൻ കഴിയുന്ന തടവുകാർക്കും ജൂവനൈലുകൾക്കും രണ്ടാം അവസരങ്ങൾ നൽകുന്നതിന് ഞങ്ങൾ സ്പോർട്സ് പ്രയോജനപ്പെടുത്തുകയാണ്. ഈ ശ്രമങ്ങൾ ഇന്ത്യൻ ഓയിലിന്റെ 'നേഷൻ ഫസ്റ്റ്' എന്ന പ്രധാന മൂല്യത്തെ ഉദാഹരിക്കുന്നുവെന്നും, ബിസിനസ്സിനപ്പുറം സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്നതും ദുർബലവുമായ വിഭാഗങ്ങളുടെ ജീവിതത്തെ സ്പർശിക്കുന്നതാണെന്നും വൈദ്യ പറഞ്ഞു.

ഈ സംരംഭങ്ങൾക്കപ്പുറം, ഇന്ത്യൻ ഓയിൽ അതിന്റെ 'ഉമീദ് എ ഹോപ്പ്' പദ്ധതിയിലൂടെ ജീവിതത്തെ പ്രകാശിപ്പിക്കുകയാണെന്നും ശ്രീ വൈദ്യ പങ്കുവെച്ചു. 'സംസ്ഥാന ജയിൽ വകുപ്പുകളുമായി സഹകരിച്ച്, നിലവിലുള്ളതും മുൻകാല തടവുകാരും നടത്തുന്ന 53ലധികം ഇന്ധന സ്റ്റേഷനുകൾ ഞങ്ങൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്, ഇത് സാമൂഹിക പുനർനിർമ്മാണത്തിലൂടെ തടവുകാർക്കിടയിൽ അഭിമാനവും അഭിമാനവും വളർത്തുന്നു.'

പരിവർത്തൻ പ്രിസൺ ടു പ്രൈഡ്' സംരംഭം 2021 ഓഗസ്റ്റ് 15 ന് ആരംഭിച്ചു. 'നയീ ദിശ സ്മൈൽ ഫോർ ജുവനൈൽ'ന്റെ ആദ്യ ഘട്ടം 2023 ജനുവരി 26 ന് അവതരിപ്പിച്ചു.



# ഇസുസു ഐ കെയർ മൺസൂൺ ക്യാമ്പ് സംഘടിപ്പിക്കുന്നു

**കൊച്ചി:** ഇസുസു മോട്ടേർസ് ഇന്ത്യ ഇസുസു ഡിമാക്സ് പിക്ക് അപ്പുകൾക്കും എസ് യുവികൾക്കുമായി മൺസൂൺ ക്യാമ്പ് നടത്തുന്നു. എല്ലാ ഇസുസു അംഗീകൃത ഡീലർ സർവീസ് ഔട്ട്ലെറ്റുകളിലും ജൂലൈ 22നും ജൂലൈ 28നും ഇടയിലാണ് ക്യാമ്പ്. പങ്കെടുക്കുന്ന ഉപഭോക്താക്കൾക്ക് അവരുടെ വാഹനങ്ങൾക്ക് പ്രത്യേക ഓഫറുകളും ആനുകൂല്യങ്ങളും ലഭിക്കും. സൗജന്യ 37 പോയിന്റ് സമഗ്ര പരിശോധന, പണിക്കൂലിയില് 10 ശതമാനം കിഴിവ്, പാർട്സുകൾക്ക് അഞ്ചു ശതമാനം കിഴിവ്, ലൂബ്രിക്കന്റുകൾക്കും ഫ്ളൂയിഡുകൾക്കും അഞ്ച് ശതമാനം കിഴിവ്, ആർഎസ്എ റീട്ടെയിൽ വാങ്ങലിന് 10 ശതമാനം കിഴിവ്, സൗജന്യ രജിസ്ട്രേഷൻ എന്നീ സേവനങ്ങൾ ഐകെയർ മൺസൂൺ ക്യാമ്പിൽ ലഭിക്കും.

സർവീസ് ബുക്കിംഗിനായി അടുത്തുള്ള ഇസുസു ഡീലർ ഔട്ട്ലെറ്റിലേക്ക് വിളിക്കുകയോ https://www.isuzu.in/servicebooking.html സന്ദർശിക്കുകയോ ചെയ്യാം. കൂടുതൽ വിവരങ്ങൾക്കായി, 1800 4199 188 (ടോൾ ഫ്രീ) എന്ന നമ്പറിൽ ബന്ധപ്പെടാം.



**കേരളത്തിലെ ആരോഗ്യപരിരക്ഷയുടെ മാറുന്ന മാതൃക അവസരങ്ങളും വെല്ലുവിളികളും എന്ന വിഷയത്തിൽ ഭാരതീയ വിദ്യാഭവനിൽ നടന്ന പ്രഭാഷണത്തിൽ ഡോ. ദിനേശ് നായർ സംസാരിക്കുന്നു. ഡോ. രാജീവ് ജയദേവൻ, കെ. ശങ്കരനാരായണൻ, വേണുഗോപാൽ സി ഗോവിന്ദ്,, ഇ. രാമൻകുട്ടി, മീന വിശ്വനാഥൻ, ഡോ. വിനോദ് കൃഷ്ണൻ, ഡോ. എ ശശികുമാർ എന്നിവർ സമീപം.**

# ഭവൻസിൽ പ്രഭാഷണം സംഘടിപ്പിച്ചു

**കൊച്ചി:** ഭാരതീയ വിദ്യാഭവനിൽ 'കേരളത്തിലെ ആരോഗ്യപരിരക്ഷയുടെ മാറുന്ന മാതൃക അവസരങ്ങളും വെല്ലുവിളികളും' എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. വേൾഡ് ബാങ്ക് ദക്ഷിണേഷ്യൻ മേഖലയിലെ മുതിർന്ന ആരോഗ്യ വിദഗ്ധൻ ഡോ. ദിനേശ് നായർ പ്രഭാഷണം നടത്തി. പ്രതിരോധ ശേഷിയുള്ള ആരോഗ്യസംവിധാനം എന്ന ആശയത്തിലൂന്നിയുള്ള പ്രഭാഷണത്തിൽ കേരളം മികച്ച ആരോഗ്യ സംവിധാനങ്ങളുള്ള സംസ്ഥാനമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ജീവിതശൈലീ രോഗങ്ങൾ ഒരു പരിധിവരെ പ്രതിരോധിക്കാൻ ശരിയായ അവബോധങ്ങളിലൂടെ സാധിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വർധിച്ച ജനസാന്ദ്രത കേരളത്തിലെ പ്രതിരോധ വ്യവസ്ഥയെ തകർക്കുന്നുണ്ട്. നൂതന ആരോഗ്യ പരിരക്ഷ മാർഗങ്ങളെ കുറിച്ചുള്ള അവബോധം മരണനിരക്ക് കുറയ്ക്കാനും എല്ലാവർക്കും ആശുപത്രി സംവിധാനങ്ങൾ ഉപയോഗിക്കാനും സഹായകരമാകുമെന്നും അദ്ദേഹം പറഞ്ഞു.

ചെയർമാൻ വേണുഗോപാൽ സി ഗോവിന്ദ് അധ്യക്ഷതെ വഹിച്ചു. ഡയറക്ടർ രാമൻകുട്ടി സ്വാഗതവും സെക്രട്ടറി കെ. ശങ്കരനാരായണൻ നന്ദിയും പറഞ്ഞു. തടുർന്ന് കേരളത്തിലെ ആരോഗ്യപരിരക്ഷയുടെ മാറുന്ന മാതൃക അവസരങ്ങളും വെല്ലുവിളികളും എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾക്ക് ഡോക്ടർമാരായ രാജീവ് ജയദേവൻ, എ. ശശികുമാർ, വിനോദ് കൃഷ്ണൻ എന്നിവർ മറുപടി പറഞ്ഞു.

# കുസാറ്റിൽ ജോബ്ഫെയിൽ മികച്ച പ്ലേസ്മെൻറ്

**കൊച്ചി:** കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോമോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രയുക്തി ജോബ് ഫെയറിൽ 2 സ്ഥാപനങ്ങളിലെ 200 ഒഴിവുകളിൽ 74 ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും 17 പേർക്ക് സ്പോട്ട് പ്ലേസ്മെൻറ് നൽകുകയും ചെയ്തു. ജോബ്ഫെയറിൽ 143 ഉദ്യോഗാർത്ഥികൾ പങ്കെടുത്തു.



**കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റ് സെഷനിൽ രാജശ്രീ ഷുഗർസ് ആന്റ് കെമിക്കൽ ലിമിറ്റഡ് ഹോൾടൈം ഡയറക്ടറും കോയമ്പത്തൂർ മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റുമായ പി വരദരാജൻ സംസാരിക്കുന്നു. കെ എം എ വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ്, പ്രസിഡന്റ് ബിബു പുന്നൂരാൻ, സെക്രട്ടറി ഡോ. അനിൽ ജോസഫ് എന്നിവർ സമീപം**

# പഞ്ചസാര ഉത്പാദനത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്തെങ്കിലും ഉപഭോഗത്തിൽ ഏറെ പിറകിൽ: പി വരദരാജൻ

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റ് സെഷനിൽ രാജശ്രീ ഷുഗർസ് ആന്റ് കെമിക്കൽ ലിമിറ്റഡ് ഹോൾടൈം ഡയറക്ടറും കോയമ്പത്തൂർ മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റുമായ പി വരദരാജൻ ഷുഗർ ആന്റ് എത്തനോൾ ഫുഡ് ആന്റ് ഫ്യൂവൽ എന്ന വിഷയം പ്രഭാഷണം നടത്തി. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു.

ലോകത്ത് പഞ്ചസാര ഉത്പാദിപ്പിക്കുന്നതിൽ രണ്ടാം സ്ഥാനത്തും ഉപഭോഗത്തിൽ ഒന്നാം സ്ഥാനത്തുമുള്ള രാജ്യമാണ് ഇന്ത്യ. എന്നാൽ പ്രതിശീർഷ പഞ്ചസാര ഉപഭോഗത്തിൽ ഇന്ത്യയല്ല ഒന്നാമതെന്നത് രസകരമായ വസ്തുതയാണ്. ഇന്ത്യക്കാർ അമിതമായി പഞ്ചസാര ഉപയോഗിക്കുന്നില്ലെന്നാണ് ഇതിനർഥം.

റഷ്യയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യക്കാർ അവരുടെ മൂന്നിലൊന്ന് മാത്രമാണ് പഞ്ചസാര ഉപയോഗിക്കുന്നത്. അതുകൊണ്ടു തന്നെ ഇന്ത്യക്കാരിൽ പ്രമേഹം വരുന്നത് നേരിട്ട് പഞ്ചസാര ഉപയോഗത്തിലൂടെയല്ല. മറിച്ച് മറ്റു പല സംഗതികളുടെ ഫലമായാണെന്നും അദ്ദേഹം പറഞ്ഞു.

പഞ്ചസാര ഉപയോഗം കൃത്യമായി നടന്നില്ലെങ്കിലും ശരീരത്തിന് പ്രശ്നങ്ങളുണ്ടാകും. അമിതമായി ഉപയോഗിക്കുന്നത് പ്രശ്നമുണ്ടാക്കുന്നതുപോലെ ഉപഭോഗത്തിലെ കുറവും ശരീരത്തെ ബാധിക്കും.

കെ എം എ വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് സ്വാഗതവും സെക്രട്ടറി ഡോ. അനിൽ ജോസഫ് നന്ദിയും പറഞ്ഞു.

# അന്താരാഷ്ട്ര വാച്ച് എക്സ്പോയ്ക്ക് ലുലുവിൽ തുടക്കമായി

**കൊച്ചി :** ലോകോത്തര ബ്രാൻഡുകളുടെ വ്യത്യസ്ഥമായ കളക്ഷനുകൾ അടക്കം അവതരിപ്പിച്ച് വാച്ച് എക്സപോയ്ക്ക് കൊച്ചി ലുലു മാൾ സെൻട്രൽ ഏട്രിയത്തിൽ തുടക്കമായി. നടി നിഖില വിമൽ എക്സപോ ഉദ്ഘാടനം ചെയ്തു. സ്വിസ്, റാഡോ, ഫ്രാങ്ക് മുള്ളർ,ലോംഗിൻസ് , ടിസോട്ട്, വിക്ടോറിനോക്സ്, മൊവാഡോ, കോൺകോർഡ്, സിറ്റിസൺ, ബോസ് തുടങ്ങി നിരവധി ബ്രാൻഡുകളുടെ വിപുലമായ ശേഖരമാണ് വാച്ച് എക്സ്പോയിൽ ഒരുക്കിയിരിക്കുന്നത്. ജെന്റ്സ്, വുമൺ വിഭാഗങ്ങളിൽ ആകർഷകമായ കളക്ഷനുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ബ്രാൻഡഡ് വാച്ചുകൾക്ക് ഏറ്റവും മികച്ച ഓഫറുകളും തയാറാണ്. ജൂലൈ 19ന് തുടക്കമായ എക്സപോ ജൂലൈ 21 വരെ നീണ്ടിനിൽക്കും. ലുലു മാൾ സെൻട്രൽ ഏട്രിയത്തിലാണ് വാച്ച് എക്സപോ നടക്കുന്നത്. ആകർഷകമായ ഗിഫ്റ്റുകളും എക്സ്പോയുടെ ഭാഗമായി ഉപഭോക്താക്കളെ കാത്തിരിക്കുന്നു. ലുലു ഇന്ത്യ സിഒഒ രജിത് രാധാകൃഷ്ണൻ, കൊമേഷ്യൽ മാനേജർ സാദിഖ് കാസിം, ലുലു ഇന്ത്യ ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ സുധീഷ് നായർ, സീനിയർ ഓപ്പറേഷൻസ് മാനേജർ സുകുമാരൻ ഒ, സ്വിസ് ഗ്രൂപ്പ് ഡയറക്ടർമാരായ ഹാഫിസ് സലാഹുദ്ദീൻ, അബ്ദുൾ കരീം, മുഹമ്മദ് വാസിഫ് തുടങ്ങിവരും ചടങ്ങിൽ സന്നിഹിതരായി.




**ലുലു മാളിൽ ആരംഭിച്ച വാച്ച് എക്സ്പോ നടി നിഖില വിമൽ ഉദ്ഘാടനം ചെയ്യുന്നു. ലുലു ഇന്ത്യ സിഒഒ രജിത് രാധാകൃഷ്ണൻ, കൊമേഷ്യൽ മാനേജർ സാദിഖ് കാസിം, ലുലു ഇന്ത്യ ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ സുധീഷ് നായർ, സീനിയർ ഓപ്പറേഷൻസ് മാനേജർ സുകുമാരൻ ഒ, സ്വിസ് ഗ്രൂപ്പ് ഡയറക്ടർമാരായ ഹാഫിസ് സലാഹുദ്ദീൻ, അബ്ദുൾ കരീം, മുഹമ്മദ് വാസിഫ് എന്നിവർ സമീപം**

സൊസൈറ്റി ടുഡേ
SOCIETY TODAY



വിവിധ ഗവേഷണഫലങ്ങൾ മത്സ്യത്തൊഴിലാളികളുമായും മറ്റ് അനുബന്ധമേഖലളിൽ പ്രവർത്തിക്കുന്നവരുമായി ചർച്ച ചെയ്യുന്നതിന് സിഎംഎഫ്ആർഐ സംഘടിപ്പിച്ച ശിൽപശാല

## എംഎൽഎസ് നിയന്ത്രണം ഫലം കാണുന്നു

# കിളിമീൻ ഉൽപദാനം 41 ശതമാനം കൂടിയെന്ന് സിഎംഎഫ്ആർഐ പഠനം

**കൊച്ചി:** ചെറുമീൻ പിടിത്തം നിരോധിക്കുന്ന മിനിമം ലീഗൽ സൈസ് (എംഎൽഎസ്) നിയന്ത്രണം നടപ്പിലാക്കിയതിന് ശേഷം കിളിമീൻ ഉൽപാദനം 41 ശതമാനം കൂടിയതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനം. ചെറുമീൻപിടുത്തത്തിന് ഏറ്റവും കൂടുതൽ വിധേയമായ മത്സ്യയിനമാണ് കിളിമീൻ.

കേരളത്തിലെ മത്സ്യബന്ധനവും സുസ്ഥിര വികസനവും എന്ന വിഷയത്തിൽ സിഎംഎഫ്ആർഐയിൽ സംഘടിപ്പിച്ച ഗുണഭോക്തൃ ശിൽപശാലയിലാണ് പഠനം അവതരിപ്പിച്ചത്. നിരോധനത്തിന് ശേഷം കിളിമീനുകളുടെ അംഗസംഖ്യാ വർധനവിലും പ്രജനന മൊത്ത ലഭ്യതയിലും വർധനവുണ്ടായി. എംഎൽഎസ് നിയന്ത്രണം മൂല്യശൃംഖലയിലുടനീളം നടപ്പാക്കുന്നത് ഗുണകരമാകും. വലയുടെ കണ്ണിവലിപ്പ നിയന്ത്രണം കർശനമായി പാലിക്കുന്നത് കുറേക്കൂടി ഫലപ്രദമാകുമെന്നും സിഎംഎഫ്ആർഐ നിർദേശിച്ചു.

സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയുടെ വിവിധ ഗവേഷണഫലങ്ങൾ മത്സ്യത്തൊഴിലാളികളുമായും മറ്റ് അനുബന്ധമേഖലളിൽ പ്രവർത്തിക്കുന്നവരുമായി ചർച്ച ചെയ്യുന്നതിനാണ് ശിൽപശാല സംഘടിപ്പിച്ചത്. ശിൽപശാലയിൽ മറൈൻ ബയോഡൈവേഴ്സിറ്റി ആന്റ് എൺവയൺമെന്റ് മാനേജ്മെന്റ് വിഭാഗം മേധാവി ഡോ ഗ്രിൻസൻ ജോർജ് അധ്യക്ഷത വഹിച്ചു.

സിഎംഎഫ്ആർഐയുടെ ഗവേഷണഫലങ്ങൾ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ടി എം നജ്മുദ്ദീൻ അവതരിപ്പിച്ചു.

ചെറുമീനുകളെ പിടിക്കാതെ വളരാൻ അനുവദിച്ചാൽ മത്സ്യമേഖലക്ക് അധികലാഭമുണ്ടാക്കാനും മീനുകളെ വംശനാശഭീഷണിയിൽ നിന്ന് രക്ഷിക്കാനുമാകും. കിളിമീൻ, ചാള, കൂന്തൽ, അരണമീൻ, കറൂപ്പ് എന്നിവയുടെ ചെറുമത്സ്യബന്ധനം കാരണം കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ 1777 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കുന്നത്. ചെറുമീൻ പിടിത്തം കാരണം ഈ അഞ്ച് മത്സ്യയിനങ്ങളുടെ ശരാശരി വാർഷിക നഷ്ടം 216 കോടി രൂപയാണ്.്സിഎംഎഫ്ആർഐയുടെ പഠനം ചൂണ്ടിക്കാട്ടി.

എറണാകുളം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ സിഎംഎഫ്ആർഐ നടത്തിയ പഠനത്തിൽ, കോവിഡിന് ശേഷം ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയവക്കായി മത്സ്യത്തൊഴിലാളികളുടെ ഉപഭോഗചിലവിൽ കുറവ് വന്നതായി കണ്ടെത്തി. എറണാകുളം ജില്ലയിൽ 34 ശതമാനവും ആലപ്പുഴയിൽ 13 ശതമാനവും മലപ്പുറത്ത് 11 ശതമാനവുമാണ് കുറവ്

ഡോ ശോഭ ജോ കിഴക്കൂടൻ, ഡോ എ പി ദിനേശ്ബാബു, ഡോ വിവിആർ സുരേഷ്, ഡോ ആർ വിദ്യ, ഡോ ലിവി വിൽസൺ എന്നിവർ സംസാരിച്ചു.

യാനങ്ങളുടെ വർധനവ്, നശീകരണ മത്സ്യബന്ധനരീതികൾ, ചെറുമീൻപിടുത്തം, ചെമ്മീനിന്റെ വിലക്കുറവ്, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യപ്രശ്നങ്ങൾ, തീരക്കടലിനപ്പുറം നിയന്ത്രണമില്ലാത്ത അവസ്ഥ, മത്സ്യസമ്പത്തിന്റെ ശോഷണം തുടങ്ങിയ വിഷയങ്ങളിൽ ഫലപ്രദമായ ഇടപെടലുണ്ടാകണമെന്ന് മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു.

# ശിശു സൗഹൃദ മാധ്യമ നയരേഖ സിലബസിൽ ഉൾപ്പെടുത്തണം

**കൊച്ചി:** ശിശു സൗഹൃദ മാധ്യമം എന്ന വിഷയത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് മാധ്യമപഠന സ്ഥാപനങ്ങളുടെ സിലബസിൽ ഇതുസംബന്ധിച്ച നയരേഖ ഉൾപ്പെടുത്തണമെന്ന് കേരള മീഡിയ അക്കാദമിയും യുനിസെഫും ചേർന്ന് തിരുവനന്തപുരം തൈക്കാട് ഗവ ഗസ്റ്റ് ഹൌസിൽ നടത്തിയ വട്ടമേശ സമ്മേളനം ശുപാർശ ചെയ്തു. കേരളത്തിലെ മൂന്ന് മേഖലകളിലായി നടത്തിയ ശിശു സൗഹൃദ മാധ്യമപ്രവർത്തന ശിൽപ്പശാലയ്ക്ക് സമാപനം കുറിച്ചുകൊണ്ടാണ് വട്ടമേശ സമ്മേളനം നടന്നത്.

ഇതിനായി ശിശു സൗഹൃദ മാധ്യമപ്രവർത്തനത്തിന് വേണ്ടിയുള്ള നയരേഖ തയ്യാറാക്കും. ഇതിന്റെ കരട് രൂപമാണ് ചർച്ച ചെയ്തത്. കരട് നയരേഖയ്ക്ക് അന്തിമരൂപം നൽകാൻ ദൂരദർശൻ മുൻ അഡീഷണൽ ഡയറക്ടർ ജനറൽ കെ കുഞ്ഞികൃഷ്ണൻ ചെയർമാനായും ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ എസ് ബിജു കൺവീനറായുമുള്ള 11 അംഗ കമ്മിറ്റി രൂപീകരിച്ചു. യുനിസെഫ് സൌത്ത് ഇന്ത്യ പ്രോഗ്രാം ഹെഡ് ശ്യാം സുധീർ ബണ്ടി കമ്മിറ്റിയിൽ അംഗമായിരിക്കും. 2024 ആഗസ്റ്റിൽ നയരേഖ പുറത്തിറക്കും. ഇത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കും

നയരേഖ കേവലം മാധ്യമങ്ങളിൽ മാത്രം ഒതുങ്ങുന്നത് ആവരുതെന്നും സമൂഹത്തിന്റെ താഴെത്തട്ടിലെ വിവിധ മേഖലകളിലേക്ക് അതെത്തിപ്പെടണം എന്നും സമ്മേളനം നിർദ്ദേശിച്ചു. പരമ്പരാഗത മാധ്യമങ്ങൾക്കൊപ്പം സമൂഹമാധ്യമങ്ങളിലേക്കും ഇതെത്തിച്ചേരണം. സമൂഹമാധ്യമങ്ങളെ ബോധവത്കരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. വാർത്താമാധ്യമങ്ങളിൽ മാത്രമല്ല, ഏറ്റവും അധികം സ്വാധീനമുള്ള എന്റർടെയിന്റ്മെന്റ് ചാനലുകളിലും ഈ നിർദ്ദേശങ്ങൾ എത്തണം. മാധ്യമങ്ങളുടെ നിർവ്വചനംതന്നെ മാറിവരുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന രീതിയിലാകണം മാധ്യമപ്രവർത്തനം. അതിനുതകുന്നതായിരിക്കണം ഈ നയം. ഇതിന്റെ സൂക്ഷ്മതലങ്ങൾ ചർച്ചയിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.

## കുസാറ്റ്: സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഗണിതശാസ്ത്ര വകുപ്പിൽ പഞ്ചവത്സര ഇൻറഗ്രേറ്റഡ് എം.എസ്.സി മാത്തമാറ്റിക്സ് പ്രോഗ്രാമിൽ ഒഴിവുള്ള 13 സീറ്റുകളിലേക്കായി ജൂലൈ 23 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10.00 നും 11.00 നും ഇടയിൽ ഗണിതശാസ്ത്ര വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 04842577518 നമ്പറിലോ www.admissions.cusat.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഇൻറർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിൽ പഞ്ചവത്സര ഇൻറഗ്രേറ്റഡ് എം.എസ്.സി ഫോട്ടോണിക്സ് പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 22 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10.00 നും 10.30 നും ഇടയിൽ ഇൻറർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 0484 2862441, 04842575848 എന്ന നമ്പറുകളിലോ www.admissions.cusat.ac.in, www.photonics.cusat.ac.in എന്ന വെബ്സൈറ്റുകളിലോ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഫിസിക്സ് വകുപ്പിൽ പഞ്ചവത്സര ഇൻറഗ്രേറ്റഡ് എം.എസ്.സി ഫിസിക്സ് പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 23 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 9.30 നും 11.00 നും ഇടയിൽ ഫിസിക്സ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 04842862441 നമ്പറിലോ www.admissions.cusat.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് എൻജിനീയറിംഗിൽ (കെ.എം.എസ്.എം.ഇ) ബി.ടെക് മറൈൻ എൻജിനീയറിംഗ് പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 24 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കുസാറ്റ് മറൈൻ റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 8.30 ന് കെ.എം.എസ്.എം.ഇ യിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 04842576606, 9496325080 നമ്പറുകളിലോ www.admissions.cusat.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അറ്റ്മോസ്ഫിയറിക് സയൻസ് വകുപ്പിൽ എം.എസ്.സി മീറ്റിയറോളജി പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 24 ന് സ്പോട്ട് അഡ്മിഷൻ നടത്തും. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10:30 ന് കുസാറ്റ് ലേക്ക് സൈഡ് ക്യാമ്പസിലെ അറ്റ്മോസ്ഫിയറിക് സയൻസ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in , എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0484286 3804 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സമുദ്ര രസതന്ത്രശാസ്ത്ര വകുപ്പിൽ എം.എസ്.സി ഹൈഡ്രോ കെമിസ്ട്രി പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 23 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10.30 ന് കുസാറ്റിൻറെ സ്കൂൾ ഓഫ് മറൈൻ സയൻസിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 7356161599 എന്ന നമ്പറിലോ www.admissions.cusat.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എം.ടെക് ഡാറ്റാ സയൻസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാമിൽ ഒഴിവുള്ള 4 സീറ്റുകളിലേക്കായി ജൂലൈ 22 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. റാങ്ക് ലിസ്റ്റിലുള്ളവരുടെ അഭാവത്തിൽ അവശ്യ യോഗ്യതയുള്ള മറ്റുള്ളവരെയും പരിഗണിക്കും. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10.30 ന് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 04842575893, 04842862470 എന്ന നമ്പറുകളിലോ www.admissions.cusat.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാമിൽ ഒഴിവുള്ള 2 സീറ്റുകളിലേക്കായി ജൂലൈ 22 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. റാങ്ക് ലിസ്റ്റിലുള്ളവരുടെ അഭാവത്തിൽ അവശ്യ യോഗ്യതയുള്ള മറ്റുള്ളവരെയും പരിഗണിക്കും. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10.30 ന് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 04842575893, 04842862470 എന്ന നമ്പറുകളിലോ www.admissions.cusat.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൊച്ചി കായലിന്റെ ഓളപരപ്പിലേക്ക് പതിനഞ്ചാമത് ജലമേട്രോ കൂടി



**കൊച്ചി:** കൊച്ചിയുടെ ജല ഗതാഗതത്തിന് തിലകകുറി ചാർത്തിയ കൊച്ചി ജല മെട്രോയ്ക്ക് കരുത്ത് പകർന്നു കൊണ്ട്, നിർമ്മാണം പൂർത്തിയാക്കിയ പതിനഞ്ചാമത് ജലമേട്രോ ഹരിതയാനം കൊച്ചി കപ്പൽശാല കൊച്ചി മെട്രോയ്ക്ക് കൈമാറി.

ഇന്ത്യയിലെ പ്രമുഖ കപ്പൽശാലയായ കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് ഇന്ന് പുതിയതായി നിർമ്മിച്ച വാട്ടർ മെട്രോ ഫെറി കൊച്ചി വാട്ടർ മെട്രോയ്ക്ക് ജല ഗതഗതത്തിനായി കൈമാറി. കെ.എം.ആർ.എൽ, സി.എസ്.എൽ,ഡി.എൻ.വി, ഐ.ആർ.എസ് എന്നിവയിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥരോടൊപ്പം കെ.എം.ആർ.എൽ, സി.എസ്.എൽ കമ്പനികളുടെ ഡയറക്ടർമാരുടെ സാന്നിധ്യത്തിൽ സി.എസ്.എൽ യാർഡിൽ കൈമാറ്റ ചടങ്ങ് നടന്നു.

കൊച്ചി കപ്പൽ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ പരിസ്ഥിതി സൗഹാർദ ഹൈബ്രിഡ് ഇലക്ട്രിക് യാനം നൂതന സൗകര്യങ്ങളോടു കൂടി നിർമ്മിച്ചതാണ്. എല്ലാ പങ്കാളികൾക്കും പ്രോജക്റ്റിലെ പിന്തുണയ്ക്കും പങ്കാളിത്തത്തിനും ഉദ്യോഗസ്ഥർ നന്ദി അറിയിച്ചു.

പാരിസ്ഥിതിക ബോധമുള്ള ഗതാഗത പരിഹാരങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട്, ജലമേട്രോ ഹരിതയാനം വിതരണം ചെയ്യുന്നതിലൂടെ, രാജ്യത്തിന്റെ നാവിക ശേഷികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത പ്രകടിപ്പിച്ചു. ഇരു സംഘടനകളും തമ്മിലുള്ള സഹകരണം ഇന്ത്യൻ കപ്പൽനിർമ്മാണ വ്യവസായത്തിലെ മികവിന്റെ തെളിവാണ്.

കൊച്ചിയിലെ സുസ്ഥിരവും കാര്യക്ഷമവുമായ ജലമൊബിലിറ്റിയുടെ വളർച്ചയുടെ ഭാഗമാകാൻ കൊച്ചി കപ്പൽശാല മുൻഗണന നൽകുകയും, അതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു എന്ന് കപ്പൽശാല ഉദ്യോഗസ്ഥൻ പറഞ്ഞു.




# വായനാദിന മാസാചരണ പ്രവർത്തനങ്ങൾക്ക് സമാപനം

**കൊച്ചി:** എറണാകുളം ഗവ ഗേൾസ് എൽ പി സ്കൂളിൽ ഒരു മാസം നീണ്ടുനിന്ന വായനാദിന മാസാചരണ പ്രവർത്തനങ്ങൾക്ക് സമാപനമായി. സമാപന ചടങ്ങും ഡിജിറ്റൽ മാഗസിന്റെ പ്രകാശനവും മഹാരാജാസ് കോളേജ് മലയാളം വകുപ്പ് മേധാവി ഡോ സുമി ജോയി ഓലിയപ്പുറം നിർവ്വഹിച്ചു.വായനാദിന മാസാചരണ പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം പബ്ലിക് ലൈബ്രറി സന്ദർശനം ,കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിയുള്ള ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ , സാഹിത്യ ക്വിസ് , വായനാ മത്സരം തുടങ്ങിയവ സംഘടിപ്പിച്ചിരുന്നു.

എറണാകുളം ഗവ.ഗേൾസ് യു പി സ്കൂൾ പ്രഥമാധ്യാപിക ആശ ടി , പ്രഥമാധ്യാപകൻ സാബു ജേക്കബ് സി ജെ , തെരേസ സി ജോസഫ് , ആന്റോ ടി, കുമാരി ബിന്ദു തുടങ്ങിയവർ സമാപന ചടങ്ങിൽ സംസാരിച്ചു . തുടർന്ന് കുട്ടികൾ വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രസിദ്ധ നോവൽ മുച്ചീട്ട് കളിക്കാരന്റെ മകളുടെ ദൃശ്യാവിഷ്ക്കാരവും നടത്തി.

# ചെമ്മീൻ ഇറക്കുമതി നിരോധനം അവസാനിപ്പിക്കണം: കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി ഫോർ ലിബറേഷൻ



**കൊച്ചി:** ഇന്ത്യയിൽ നിന്നും ചെമ്മീൻ ഇറക്കുമതി ചെയ്യുന്നതിന് അമേരിക്ക നടപ്പിലാക്കിയിട്ടുള്ള നിരോധനം അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് കെആർഎൽസിസിയുടെ ആഭിമുഖ്യത്തിലുള്ള കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി ഫോർ ലിബറേഷൻ ( കടൽ ) ആവശ്യപ്പെട്ടു. കടലാമകളെ സംരക്ഷിക്കുന്നതിന്റെ പേരിലാണ് 2019 ൽ അമേരിക്ക ഈ നിരോധനം നടപ്പിലാക്കിയത്.

മത്സ്യബന്ധനത്തിനിടയിൽ വലയിൽ അകപ്പെടുന്ന കടലാമകളെ നീന്തി രക്ഷപെടാൻ സഹായിക്കുന്ന ടെഡ് ഉപകരണങ്ങൾ ട്രോളിംഗ് മത്സ്യബന്ധനത്തിൽ ഉപയോഗിക്കുന്നില്ല എന്നതാണ് ഈ നിരോധനത്തിന്റെ കാരണമായി പറഞ്ഞിരുന്നത്. ഇന്ത്യയിൽ ട്രോളിംഗിന്റെ ഭാഗമായി കടലാമകളെ പിടിക്കുന്നില്ല. കടലാമകൾ പ്രധാനമായും കാണപ്പെടുന്ന ഒറീസ്സയിൽ അവയുടെ പ്രജനന ഘട്ടത്തിൽ ട്രോളിംഗ് നിരോധിച്ചിട്ടുള്ളതാണ്. 2019 മുതൽ നിലവിലുള്ള ഈ നിരോധനം ആഗോള വിപണിയിലും അഭ്യന്തര വിപണിയിലും ഗുരുതരമായ പ്രത്യാഘാതങ്ങളാണ് ഉളവാക്കിയിരിക്കുന്നത്. കടലാമകളെ പറ്റി വിശദമായ പഠനം നടത്തിയിട്ടുള്ള സി എം എഫ് ആർ ഐ പശ്ചിമ തീര സംസ്ഥാനങ്ങളിൽ കടലാമകൾ മത്സ്യബന്ധനവലകളിൽ അകപ്പെടാറില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യൻ മത്സ്യബന്ധന മേഖലയെ തകർക്കുന്ന ഈ നിരോധനം അവസാനിപ്പിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളും സമുദ്രോല്പന്ന കയറ്റുമതി വികസന ഏജൻസിയും നടപടികൾ സ്വീകരിക്കണമെന്ന് കടൽ ഡയറക്ടർ ഫാ. ഡോ. സാബാസ് ഇഗ്നേഷ്യസ്, ജനറൽ സെക്രട്ടറി ജോസഫ് ജൂഡ് എന്നിവർ ആവശ്യപ്പെട്ടു.

# എറണാകുളം ജനറൽ ആശുപത്രിയിലേക്ക് 10 വീൽ ചെയറുകളും ഡയലൈസറുകളും ബാങ്ക് ഓഫ് ബറോഡ കൈമാറി

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിലേക്ക് ഒരു ലക്ഷം രൂപയുടെ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ 10 വീൽ ചെയറുകളും ഡയലൈസറുകളും ബാങ്ക് ഓഫ് ബറോഡ അധികൃതർ കൈമാറി. ആശുപത്രി സൂപ്രണ്ട് ഡോ.ഷാഹിർഷാ ബാങ്ക് ഓഫ് ബറോഡ ഡിജിഎം കെ ആർ കഗ്ദൽ നിന്നും ഏറ്റുവാങ്ങി.

ബാങ്ക് ഓഫ് ബറോഡയുടെ 117ാമത് ഫൗണ്ടേഷൻ ദിനാഘോഷങ്ങളുടെ ഭാഗമായാണ് ഇവ കൈമാറിയത്. സാധാരണക്കാരുടെ ആശ്രയമായ എറണാകുളം ജനറൽ ആശുപത്രിക്ക് കൈത്താങ്ങാകാൻ സാധിച്ചതിൽ ബാങ്ക് ഓഫ് ബറോഡ ഡിജിഎം കെ ആർ കഗ്ദൽ സന്തോഷം അറിയിച്ചു. 'റീജിണൽ മാനേജർ എം.വി ശേഷാഗിരി, എജിഎം സതീഷ്, ചീഫ് മാനേജർ ബീനാ തോമസ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

